compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 21
Tuesday, 21st April 2026

1201 മേടം 8
8th Medam 1201

1948 വൈശാഖം 1
1st Vaisakha 1948

വാല്യം 15
Vol. XV

നമ്പർ / No. **16**

Part III

Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ നടപടിക്രമം

(അവതരണം : KRIPAKUMAR, K. S.)

നമ്പർ എച്ച്.എൽ./1555/2019-റ്റി3. 2026 ഫെബ്രുവരി 16.

വിഷയം:— കൈത്തറി & ടെക്സ്റ്റയിൽസ്—മീനച്ചിൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഇൻഡ്.എച്ച്.റ്റി. (എസ്.റ്റി.) 6 സമാപ്തീകരണം—സംബന്ധിച്ച്.

പരാമർശം:— (1) ഈ ഓഫീസിലെ 6-12-2019-ലെ HL/678/2019-T3 നമ്പർ നടപടിക്രമം.

(2) കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 16-1-2026-ലെ DICKTM/901/201 C1 നമ്പർ കത്ത്.

മീനച്ചിൽ സഹകരണ സ്പിന്നിംഗ്മിൽ ഇൻഡ്.എച്ച്.റ്റി. (എസ്.റ്റി.) 6 നമ്പരായി 3-2-1995-ൽ വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ഇലക്കാട്ട് വില്ലേജിൽ ആണ്ടൂർ കരയിൽ ശ്രീ. ജോസ് ഈട്ടില്ലത്ത് & പാർട്ടിയുടെ 8.95 ഏക്കർ സ്ഥലവും വളരെ പഴക്കം ചെന്ന വീട് ഉൾപ്പെടെ 48,94,529 രൂപയ്ക്ക് ടെക്സ്റ്റെയിൽസിൽ നിന്നും 50 ലക്ഷം രൂപ കടമെടുത്താണ് സഹകരണ സ്പിന്നിംഗ്മിൽ തുടങ്ങുന്നതിനായി സ്ഥലം വാങ്ങിയത്. എന്നാൽ നാളിതുവരെ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല.

കേരള സഹകരണ നിയമപ്രകാരം സംഘം രജിസ്റ്റർ ചെയ്ത ആറുമാസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കേണ്ടതാണ്. എന്നാൽ പ്രാഥമിക ലക്ഷ്യത്തിൽ എത്തിച്ചേരാതിരുന്നതിനാൽ പരാമർശം (1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം ഒരു അന്വേഷണം നടത്തുന്നതിന് ഉത്തരവായിരുന്നു.

സംഘം പ്രവർത്തനക്ഷമമല്ലാതെ കാലങ്ങളായിട്ട് പ്രവർത്തന ലക്ഷ്യം കൈവരിക്കാതെ പൂട്ടിക്കിടക്കുന്നതിനാൽ സംഘത്തിന്റെ ലക്ഷക്കണക്കിന് രൂപയുടെ ആസ്തി വെറുതെ കിടക്കുന്നതിനാലും സമാപ്തീകരണ നടപടി ആരംഭിക്കാവുന്നതാണ്. സംഘത്തിന്റെ 5.95 ഏക്കർ സ്ഥലം നിലവിൽ വെറുതെ കിടക്കുകയാണ്. അതിനുള്ളിലുള്ള കെട്ടിടം പൂർണ്ണമായി ജീർണ്ണ അവസ്ഥയിലുമാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സംഘത്തിന്റെ പേരിലുള്ള ഈ സ്ഥലം മറ്റ് വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്ന് ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം റിപ്പോർട്ട് ചെയ്തിരുന്നു.

സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിനായി രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 1-11-2025-ന് യോഗം ചേരുകയും 19-11-2025-ന് പൊതുയോഗം തീരുമാനിക്കുകയും പൊതുയോഗത്തിൽ ആകെയുള്ള അംഗങ്ങളിൽ നാലിൽ മൂന്ന് പേരും പങ്കെടുക്കുകയും ചെയ്തിരുന്നു. ടി സ്ഥലത്ത് പുതിയ സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നത് സാധ്യമല്ലാത്തതിനാലും, ഓഹരി ഉടമകൾ എല്ലാവരും പ്രായാധിക്യത്താലായതിനാലും ടി പദ്ധതി നടപ്പിലാക്കുന്നതിന് താത്പര്യമില്ലാത്തതിനാൽ സമാപ്തീകരണ നടപടിയിലേക്കു നീങ്ങാവുന്നതാണെന്നു പൊതുയോഗത്തിൽ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടിട്ടുണ്ട്. സമാപ്തീകരണത്തിനായി സംഘം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർ സമർപ്പിച്ചിരിക്കുന്നു. ആകയാൽ ഈ ഉത്തരവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

മേൽ സാഹചര്യത്തിൽ, എന്നിൽ നിക്ഷിപ്തമായ അധികാരങ്ങൾ മുൻനിർത്തി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 ഉപവകുപ്പ് (1) പ്രകാരം മീനച്ചൽ സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡ് നമ്പർ ഇൻഡ് എച്ച്.ടി (എസ്.ടി) 6, ആണ്ടൂർ മരങ്ങാട്ട്പിള്ളി പി.ഒ., കോട്ടയം എന്ന സഹകരണ സംഘം സമാപ്തീകരിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 ഉപവകുപ്പ് (1) പ്രകാരം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ശ്രീമതി സൗമ്യ, ടി.എ. ജൂനിയർ സഹകരണ ഇൻസ്പെക്ടർ (കൈത്തറി), ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയത്തെ മീനച്ചൽ സഹകരണ സ്പിന്നിംഗ് മിൽ എന്ന സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിലെ ആസ്തികൾ, രജിസ്റ്ററുകൾ, വിലപ്പെട്ട രേഖകൾ മുതലായവ ലിക്വിഡേറ്റർ ചാർജ് എടുക്കേണ്ടതും, പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 73 പ്രകാരം ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

കൈത്തറി & ടെക്സ്റ്റയിൽസ്
ഡയറക്ടറുടെ കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.

KRIPAKUMAR, K. S.,
Director of Handlooms and Textiles.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.21 03:21:03 +05:30